**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5481** **03-11-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ആരോഗ്യവകുപ്പിന് തത്വത്തിൽ സൃഷ്ടിച്ച 1200 തസ്തികയുടെ ആദ്യഘട്ടമെന്ന നിലയിൽ 22.09.2021 ലെ സ.ഉ(കൈ) നം.168/2021/ആ.കു.വ എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് നഴ്സ് -7, ഫാർമസിസ്റ്റ് -2, ക്ലാർക്ക്-2, ഓഫീസ് അറ്റൻഡന്റ് -1 എന്നീ തസ്തികകൾ ടി ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ആശുപത്രിയിൽ എന്തൊക്കെ സജ്ജീകരണങ്ങളാണ് നാളിതുവരെ ഒരുക്കിയിട്ടുള്ളതെന്നും ഇനി എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കാനുള്ളതെന്നും അറിയിക്കുമോ; | (ബി) | ആധുനിക നിലവാരത്തിലുള്ള 100 ബെഡുള്ള ആശുപത്രി കെട്ടിടത്തിൽ ഓപ്പറേഷൻ തീയറ്റർ, മൈനർ ഓപ്പറേഷൻ തീയറ്റർ, ഒ.പി റൂമുകൾ, ലബോറട്ടറി, അത്യാഹിത വിഭാഗം, ഫാർമസി എന്നിവ സജ്ജീകരിച്ചിരിക്കുന്നു. ട്രാൻസ്ഫോർമർ, ജനറേറ്റർ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് റിപ്പയർ, ഡ്രൈനേജ് വർക്ക്, സെക്യൂരിറ്റി ക്യാബിൻ, പ്രവേശന കവാടത്തിന്റെ കമാനം, അമ്മയും കുഞ്ഞും ശില്പത്തിന്റെ നിർമ്മാണം എന്നിവയുടെ പ്രവർത്തികൾ പൂർത്തീകരിക്കാനുണ്ട്. മെഡിക്കൽ ഓക്സിജൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷൻ വഴി 285 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ടി പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ KMSCL മുഖേന ലഭ്യമാക്കി വരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | നിർമ്മാണ പ്രവർത്തികൾ പൂർത്തിയാവുകയും ജീവനക്കാരുടെ നിയമനം പൂർത്തിയായാലുടനെ ആശുപത്രിയുടെ പ്രവർത്തനം തുടങ്ങാൻ കഴിയും. |

സെക്ഷൻ ഓഫീസർ